**No. CEE/4383/2014/KEAM-2015/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ഒഴിവുവന്ന ബി.ഡി.എസ് സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

തൃശ്ശൂർ ഗവൺമെന്റ് ഡെന്റൽ കോളേജിലേയും, ഒരു സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജിലെയും (**Kannur Dental College, Anjarakandy, Kannur**) ബി.ഡി.എസ് കോഴ്സിൽ ഒഴിവുള്ള സർക്കാർ സീറ്റുകൾ നികത്തുന്നതിനായുള്ള ഓൺലൈൻ അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒഴിവുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു നോമിനി സീറ്റിലേയ്ക്ക് ലഭ്യമായ ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. തത്ഫലമായി ഒഴിവുവന്ന കോഴിക്കോട് ഗവൺമെന്റ് ഡെന്റൽ കോളേജിലെ ഒരു സീറ്റും മേൽപറഞ്ഞ രീതിയിൽ നികത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2015 സെപ്റ്റംബർ 30–ാം** തീയതി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കിയശേഷം **30.09.2015 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ലഭിക്കുന്നവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് **2015 സെപ്റ്റംബർ 30–ാം** തീയതി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കിയശേഷം **30.09.2015 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും അലോട്ട്മെന്റ് റദ്ദാകുന്നതാണ്. കൂടാതെ അവർ താഴെപറയുന്ന രീതിയിലുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകാനും ബാധ്യസ്ഥരായിരിക്കും.

**പ്രത്യേക ശ്രദ്ധയ്ക്ക്:– ഇനിയൊരു വിജ്ഞാപനം ഉണ്ടാകാത്ത പക്ഷം പ്രസ്തുത അലോട്ട്മെന്റ് മുകളിൽ പറഞ്ഞ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ ഈ അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ ഉറപ്പായും അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം 10 ലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

**പ്രസ്തുത കോളേജുകളിലെ അലോട്ട്മെന്റും അഡ്മിഷനും ബഹു: കേരളാ ഹൈക്കോടതിയുടെ പരിഗണന യിലുള്ള റിട്ട് പെറ്റീഷനുകളിന്മേലുള്ള അന്തിമ തീർപ്പിനു വിധേയമായിരിക്കും**

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരാണ്.

**കുറിപ്പ്: സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ബി.ഡി.എസ് കോഴ്സിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനു ശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ബി.ഡി.എസ് കോഴ്സിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No. 372/2015/H.Edn. Dated: 03.07.2015, GO(Ms) No.378/2015/H.Edn. Dated: 03.07.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല. എന്നാൽ അവർക്ക് കോളേജുകളിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.**

തിരുവനന്തപുരം
29.09.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**